MLOA
Reg. No. ER 409/10

**മെഡിക്കൽ ലബോട്ടറി**
**ഓണേഴ്സ് അസ്സോസിയേഷൻ**

# LABORATORY PROFESSIONALS

## The Link Between Science & Medicine

# സംഘടനയുടെ നാൾ വഴികളിലൂടെ...

## പരിപ്രേക്ഷ്യം

## മെഡിക്കൽ ലബോട്ടറി ഓണേഴ്സ് അസ്സോസിയേഷൻ

# സംഘടനയുടെ നാൾവഴികളിലൂടെ...

## പരിപ്രേക്ഷ്യം

ഒരുമയും, അറിവും, സ്നേഹവും, പരസ്പര ബഹുമാനവും, ജനാധിപത്യ സംസ്കാരവും, ആവശ്യങ്ങളും, അവകാശങ്ങളും, കരുത്തും, കരുതലുമൊക്കെയാണ് ഒരു സംഘടനയുടെ പൊതുവായ ആണിക്കല്ല്. ഈ മൂല്യങ്ങൾ കുറവായിരുന്ന പരക്കെ പാർശ്വവൽക്കരിക്കപ്പെട്ട മേഖലയായിരുന്നു കേരളത്തിലെ സ്വകാര്യ മെഡിക്കൽ ലബോറട്ടറി രംഗം.

സ്വകാര്യ മെഡിക്കൽ ലബോറട്ടറി ഉടമസ്ഥർക്ക് ഒരു സംഘടന എന്ന ആശയം ഉടലെടുക്കുന്നത് 2010 ലാണ്. സമാന ചിന്താഗതിക്കാരായ ഒരു പറ്റം ലാബ് ഉടമകൾ, എറണാകുളത്ത് നടത്തിയ അനൗപചാരികമായ കൂടിയിരിപ്പാണ് തുടക്കം. അതിന് മുൻപ്, കോഴിക്കോട് കേന്ദ്രമാക്കി മെഡിക്കൽ ലാബോറട്ടറി വെൽഫെയർ അസ്സോസിയേഷൻ എന്ന സംഘടന രൂപപ്പെട്ടിരുന്നു. ആലപ്പുഴ ജില്ലയിലും ഉടമസ്ഥരുടെ സംഘടനക്ക് രൂപം നൽകി പ്രവർത്തിച്ചിരുന്നു. കൃത്യമായ ദിശാബോധത്തോടെ, കേരളത്തിലെ സ്വകാര്യലബോറട്ടറികളെ ഉൾപ്പെടുത്തി ഒരു സംഘടനയായി രൂപാന്തരപ്പെട്ടത് 2010 ലാണ്. 2011 ലാണ് മിക്ക ജില്ലകളിലും ജില്ലാ കമ്മിറ്റികൾ രൂപീകരിച്ച് എറണാകുളത്ത് വെച്ച് ആദ്യത്തെ ജനറൽ ബോഡി യോഗം സംഘടിപ്പിച്ചത്. പിന്നെ തിരിഞ്ഞു നോക്കേണ്ടിവന്നിട്ടില്ല. ഈ മേഖലയിൽ ചോദ്യം ചെയ്യപ്പെടാനാവാത്ത ശക്തിയായി മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷൻ വളർന്ന് പന്തലിച്ചു. ഏകദേശം രണ്ടായിരത്തോളം ലബോറട്ടറികൾ ഈ സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. വലുപ്പ ചെറുപ്പ വ്യത്യാസമില്ലാതെ ഏതൊരു ലബോറട്ടറിയുടെയും ഉന്നമനത്തിന് അവശ്യം വേണ്ട ഇടപെടലുകൾ നടത്തി സംഘടനയോട് ചേർത്ത് നിർത്തുക എന്നതാണ് ഇക്കാലംകൊണ്ട് സംഘടന കൈവരിച്ച പ്രധാന നേട്ടം. അതിലുമുപരി കേരള സമൂഹത്തിലും, ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങളിലും ആതുര സേവനമേഖലയിലും മാന്യമായ ഒരിടം നേടിയെടുക്കാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

കുറെയേറെ പറയാനുണ്ടെങ്കിലും കാച്ചിക്കുറുക്കി പറയുകയാണെങ്കിൽ താഴെപ്പറയുന്ന മൂന്ന് കാര്യങ്ങളിൽ ഒതുക്കാമെന്ന് തോന്നുന്നു.

1. ആതുരസേവനരംഗത്ത് കേരളം നേടിയെടുത്ത ലോക അംഗീകാരത്തിൽ നിഷേധിക്കാനാകാത്ത സംഭാവന സ്വകാര്യമെഡിക്കൽ ലബോറട്ടറികൾക്കുണ്ട്. ഈ സേവന മേഖലയിൽ, കൃത്യമായ പരിശോധനാഫലങ്ങൾ സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നൽകുന്നതിന് ഓരോ അംഗങ്ങൾക്കും അവശ്യം വേണ്ട ഗുണപരവും ഭൗതികവുമായ സാഹചര്യങ്ങൾ ഒരുക്കി അവരിൽ ആത്മവിശ്വാസം പ്രദാനം ചെയ്ത് പ്രാപ്തരാക്കുക. ഇതിലൂടെ ഗുണമേന്മയും വിശ്വാസ്യതയുമുള്ള പരിശോധനാഫലം ഉറപ്പുവരുത്താൻ കഴിയും.
2. 'എല്ലാവരും എനിക്കുവേണ്ടിയും ഞാൻ എല്ലാവർക്കുംവേണ്ടിയും' എന്ന മഹത് ദർശനം ഉൾക്കൊണ്ടു കൊണ്ട് തികച്ചും ആരോഗ്യപരമായ, പരസ്പരസ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും സംസ്കാരത്തിലൂന്നി എല്ലാവരോടുമൊപ്പം ഓരോ അംഗവും വളരുക.
3. കാലാകാലങ്ങളിൽ അധികാരകേന്ദ്രങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കുന്ന പരിഷ്കാ രങ്ങളോടും നിയമങ്ങളോടും ഉചിതമായ രീതിയിൽ, അംഗങ്ങളുടെ അതിജീവനം ഉറപ്പുവരുത്തി ഇടപെടലുകൾ നടത്തുക.

## സംഘടനാ പ്രവർത്തനത്തിന്റെ നാഴികക്കല്ലുകൾ

ഒരു സംഘടനയെ സംബന്ധിച്ചിടത്തോളം 10 വർഷങ്ങൾ ഒരു ചെറിയ കാലയളവല്ല. മുൻ സൂചിപ്പിച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിനുവേണ്ടി, സംഘടന യഥാസമയത്ത് ഇടപെട്ട് അംഗങ്ങൾക്ക് ഏറെ പ്രയോജനകരമായ കുറേയേറെ കാര്യങ്ങൾ ചെയ്ത് തീർത്തിട്ടുണ്ട് എന്നത് ഓരോ അംഗങ്ങൾക്കും അഭിമാനിക്കാവുന്നതാണ്. ഏതേത് മേഖലകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ എന്ന് സംക്ഷിപ്തമായി വിവരിക്കട്ടെ...

## മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം

ഈ വകുപ്പിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ലഭിക്കുകയുള്ളൂ. പി.സി.ബി. അംഗീകാരത്തിനുള്ള നിരക്ക് 2010ന് മുൻപ് ഏകദേശം മുപ്പതിനായിരംരൂപയും അതിനുമുകളിലും ആയിരുന്നു. ഇത് സാധാരണ ലബോറട്ടറികളെ സംബന്ധിച്ചിടത്തോളം താങ്ങാനാകാത്ത തുകയാണ്. സംഘടന രൂപീകരിച്ചതിനുശേഷം, സംഘടന ഏറ്റെടുക്കുന്ന ദൗത്യമാണ് മലി



മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ Er.കെ.സജീവന് MLOAയുടെ നിവേദനം നൽകുന്നു.

നീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ നിരക്ക് കുറക്കുകയെന്നത്. അന്ന് സംഘടനാ നേതൃത്വത്തിലുണ്ടായിരുന്നവർ ബോർഡുമായി സംസാരിച്ച് സംഖ്യ കുറക്കാൻ കഴിഞ്ഞു. സംഘടനയുടെ സമയോചിതവും നിരന്തരവുമായ ഇടപെടലുകളിലൂടെ ലബോറട്ടറിയിൽ വന്നുള്ള പരിശോധന ഒഴിവാക്കിക്കൊണ്ട് നിരക്ക് 1000 രൂപയാക്കി കുറപ്പിക്കുവാൻ സാധിച്ചു. ഇത് നമ്മുടെ അംഗങ്ങൾക്ക് ലഭിച്ച വലിയ ഒരാശ്വാസമാണ്.

തുടർന്ന് 2013ലും 2014ലും യഥാക്രമം അംഗീകാരത്തിന്റെ കാലാവധി 2 വർഷമായും 5 വർഷമായും ദീർഘിപ്പിക്കാൻ സംഘടനയുടെ ഇടപെടലിലൂടെ സാധിച്ചു. 5 വർഷത്തേക്ക് ഒന്നിച്ച് അംഗീകാരം ലഭിക്കണമെങ്കിൽ അത്രയും കാലത്തേക്കുള്ള ബിൽഡിംഗ് കരാർ കെട്ടിട ഉടമസ്ഥനുമായി രജിസ്റ്റർ ചെയ്തിരിക്കണമെന്ന നിബന്ധന PCBയെക്കൊണ്ട് പിൻവ ലിപ്പിക്കാൻ സാധിച്ചത്. മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷന്റെ ശക്തിയാണ്. അതിന് ശേഷം 2018ൽ എക്സ്-റേ, അൾട്രാ സൌണ്ട് സ്കാനിംഗ് സംവിധാനങ്ങൾക്ക് വസൂലാക്കിക്കൊണ്ടിരുന്ന 5000 രൂപയുടെ ലൈസൻസ് ഫീസ് ഒഴിവാക്കിക്കൊണ്ട് തീരുമാനമെടുപ്പിക്കുന്നതിന് സംഘടനയ്ക്ക് കഴിഞ്ഞു. മറ്റൊരു അഭിമാനിക്കാവുന്ന കാര്യം സംഘടനയുടെ നിരന്തരമായ നിവേദനങ്ങളുടെയും കൂടിക്കാഴ്ചകളുടെയും ഫലമായി ലാബുകൾക്കും എക്സ്റേ സ്കാൻ സെന്ററുകൾക്കും ആജീവ നാന്ത അംഗീകാരം നൽകാനും മലിനീകരണ നിയന്ത്രണബോർഡ് തയ്യാറായി എന്നതാണ്. ഇതിന് വരുന്ന ഫീസ് 5000 രൂപയാക്കി നിജപ്പെടുത്തിയെടുക്കാനും സംഘടനയ്ക്ക് കഴിഞ്ഞു. ഇതൊരു നിസ്സാരമായി കാണേണ്ട നേട്ടമല്ല. ഓരോ മെമ്പർമാരും, മെമ്പർമാരല്ലാത്തവരും മറ്റ് സംഘടനയിലുള്ളവരും ഇതിന്റെ ഗുണഭോക്താക്കളായി. ഇന്ന് ഓൺലൈനായി വളരെയെളുപ്പത്തിൽ PCB അംഗീകാരം നേടുന്നതിനുള്ള സംവിധാന ങ്ങളുമുണ്ട്.

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം

ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഗുണപരമായ മാറ്റം ലക്ഷ്യമിട്ടുകൊണ്ട്, അത്തരം സ്ഥാപനങ്ങളെ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളെ അടി സ്ഥാനപ്പെടുത്തി നിയന്ത്രണ വിധേയമാക്കുന്നതിന് വേണ്ടി കൊണ്ടുവന്ന നിയമമാണ് KCEA. (കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (നിയന്ത്രണവും & രജിസ്ട്രേഷനും) ആക്റ്റ്). കേന്ദ്രസർക്കാർ നടപ്പിലാക്കിയ നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് കേരള സർക്കാർ ഈ നിയമം 2018ൽ പാസ്സാക്കിയത്.

ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംസ്ഥാന കൗൺസിലിൽ മെഡിക്കൽ ലബോറട്ടറി മേഖലയുടെ പ്രാതിനിധ്യം ഇല്ലായിരുന്നു. സംഘടന ഇതൊരു മുഖ്യഅവകാ



ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് സംസ്ഥാന കൗൺസിലിൽ, സ്വകാര്യ ലബോറട്ടറികളുടെ പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് MLOA മുൻ ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി.കെ.കെ.ശൈലജടീച്ചർക്ക് നിവേദനം നൽകുന്നു.




ശമായി അംഗീകരിച്ചുകൊണ്ട് വിവിധ സമരപരിപാടികളിലൂടെയും നിവേദനങ്ങളിലൂടെയും സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ കഴിഞ്ഞു. ഓരോ MLAമാരെയും മന്ത്രിമാരെയും നേരിൽകണ്ട് കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തിയും നിവേദനങ്ങൾ കൊടുത്തും നമുക്ക് അനുകൂലമായ തീരുമാനമെടുക്കാൻ സന്നദ്ധരാക്കി. തിരുവനന്ത പുരത്ത് ചേർന്ന ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ സംഘടനാ ഭാരവാഹികൾ അന്നത്തെ ആരോഗ്യമന്ത്രിയായിരുന്ന ശ്രീമതി. കെ.കെ.ഷൈലജ ടീച്ചറെ നേരിട്ട് കണ്ട് ആവശ്യങ്ങൾ ഉന്നയിച്ചു. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം, എന്നീ ജില്ലാ കേന്ദ്രങ്ങളിൽ നടന്ന പൊതുജനാഭിപ്രായരൂപീകരണയോഗങ്ങളിൽ മെഡിക്കൽ ലബോറട്ടികളെ പ്രതിനിധീകരിച്ച് ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് MLOA എന്ന സംഘടന മാത്രമേ ഉണ്ടായിരുന്നുള്ളു എന്നത് എടുത്ത് പറയേണ്ടതാണ്. DMO ഓഫീസ് മാർച്ച്, കളക്ടറേറ്റ് മാർച്ച്, സെക്രട്ട റിയേറ്റിന് മുന്നിലെ ധർണ തുടങ്ങിയ വിവിധ സമരപരിപാടികളിലൂടെ സർക്കാരിനെ സമ്മർദ്ദത്തിലാക്കാൻ സംഘടനയ്ക്ക് കഴിഞ്ഞു. ഇതിന്റെ ഫലമായി, സർക്കാർ നമ്മുടെ ആവ ശ്യങ്ങൾ അംഗീകരിക്കുകയും കൗൺസിലിൽ സ്വകാര്യ ലബോറട്ടറി ഉടമസ്ഥരുടെ പ്രതിനിധിയെ ഉൾപ്പെടുത്തുകയും ചെയ്തു. സംഘടന, ഈ സ്ഥാനം എങ്ങിനെ നഷ്ടപ്പെട്ടു എന്ന് സ്വയം വിമർശനാത്മകമായി പരിശോധിക്കേണ്ടതുണ്ട്. ഇപ്പോൾ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## KCEA രജിസ്ട്രേഷൻ

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും കൗൺസിലിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിക്കുന്നു. തികച്ചും പരിചിതമല്ലാത്ത ഒരു രീതിയായതിനാൽ, സംഘടന ശക്തമായി ഇടപെട്ടു. ഓരോ ജില്ലയിലും കേന്ദ്രീകൃത രജിസ്ട്രേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തി എല്ലാ മെമ്പർമാർക്കും രജിസ്റ്റർ ചെയ്യുന്നതിന് വേണ്ട സൗകര്യമൊരുക്കി. ഏറെ ശ്ലാഘനീയമായ ഈ പ്രവർത്തനം ആരോഗ്യവകുപ്പിന്റെയും മന്ത്രിയുടെയും പ്രശംസ പിടിച്ചു പറ്റി. രജിസ്ട്രേഷൻ കാലാവധി ഒരു വർഷത്തേക്ക്കൂടി നീട്ടിയതായി മനസിലാക്കുന്നു. ഇത് പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംഘടന നിവേദനം നൽകിയിട്ടുണ്ട്.

## മാനദണ്ഡങ്ങൾ

KCEA അനുസരിച്ച് ലബോറട്ടറികളെ തരംതിരിച്ച് മാനദണ്ഡങ്ങൾ നിർദ്ദേശിച്ചുകൊണ്ട് പൊതുജനാഭിപ്രായരൂപീകരണത്തിനായി പ്രസിദ്ധീകരിച്ച കരട് രേഖ, സംഘടനയുടെ വിവിധ തലങ്ങളിൽ വിശദമായ ചർച്ചകൾക്ക് വിധേയമാക്കി. ഇതിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ, വ്യക്തമായി രേഖാമൂലം കൗൺസിലിൽ അറിയിക്കാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കേരളമെമ്പാടും ലബോറട്ടറി സംരക്ഷണ ദിനമായി ആചരിച്ച്, പൊതുജനാ

ഭിപ്രായം അനുകൂലമാക്കിയെടുക്കാനും സംഘടന ശ്രമിച്ചിട്ടുണ്ട്. ദേശീയ-പ്രാദേശിക മാധ്യമങ്ങളിൽ വളരെ പ്രാധാന്യത്തോടെ, നമ്മുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള വാർത്തകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ മാനദണ്ഡങ്ങൾ നടപ്പിലാക്കുമ്പോൾ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, അംഗങ്ങളുടെ ഒരു ലബോറട്ടറിയും അടച്ചുപൂട്ടാനോ, ഒരു ജീവനക്കാരനും, യോഗ്യതയുടെയും പരിചയത്തിന്റെയും അടിസ്ഥാനത്തിൽ ജോലി നഷ്ടപ്പെടാനോ ഉള്ള അവസ്ഥ ഉണ്ടാക്കില്ല എന്നത് സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതുമായി ബന്ധപ്പെട്ട് മുൻ ആരോഗ്യവകുപ്പ് മന്ത്രിയെക്കണ്ട്, നമ്മളുമായി ചർച്ച നടത്തിയ ശേഷമേ മാനദണ്ഡങ്ങൾ തീരുമാനിക്കു എന്ന ഉറപ്പ് നേടിയെടുത്തിട്ടുണ്ട്. പുതിയ ആരോഗ്യമന്ത്രി ശ്രീമതി. വീണ ജോർജിനെയും നേരിട്ട് കണ്ട് നമ്മുടെ ആശങ്കകളും ആവശ്യങ്ങളും ബോധ്യപ്പെടുത്താനും അനുഭാവപൂർവമായ നിലപാടെടുപ്പിക്കാനും സംഘടന ശ്രമിച്ചിട്ടുണ്ട്. ഈ ആവശ്യവുമായി യഥാസമയത്തുള്ള MLA മാർക്കും മന്ത്രിമാർക്കും നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രത്യേകിച്ച് പ്രതിപക്ഷ നേതാവ് ശ്രി.വി.ഡി.സതീശനെ നേരിട്ട് കണ്ട് നമ്മുടെ ആശങ്കകൾ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ കോവിഡ് 19ന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംഘടന ഒറ്റക്കെട്ടായി എണ്ണിയിട്ട യന്ത്രംപോലെ പ്രവർത്തിച്ചു എന്നതിൽ നമുക്ക് അഭിമാനിക്കാം. തുടർന്നും ഈ പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ട് കൊണ്ടുപോകുവാനും നമ്മുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാനും സംഘടന പ്രതിജ്ഞാബദ്ധമാണ്.



KCEA പ്രകാരം സർക്കാർ നടപ്പിലാക്കാൻ പോകുന്ന മാനദണ്ഡങ്ങളെക്കുറിച്ചുള്ള MLOA നിവേദനം മുൻ ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി.കെ.കെ.ശൈലജടീച്ചർക്ക് നൽകുന്നു.



മുൻകാണിച്ച ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ്ജിന് നൽകുന്നു.

## ജീവനക്കാർക്കുള്ള കുറഞ്ഞ വേതനം

നമ്മുടെ ജീവനക്കാർക്ക് മാന്യമായി ജീവിക്കാനുള്ള എല്ലാവിധ സാഹചര്യവും ഒരുക്കണമെന്നതാണ് സംഘടനയുടെ നയം. ഓരോ സ്ഥാപനത്തിന്റെയും നിലനിൽപ്പും വളർച്ചയും ജീവനക്കാരെകൂടി ആശ്രയിച്ചാണ് എന്നതിൽ രണ്ടഭിപ്രായമു ണ്ടാകില്ല. എന്നാൽ സർക്കാർ പ്രസിദ്ധീകരിച്ച സേവനവേതനനിരക്കും അതുമായി ബന്ധപ്പെട്ട് വേജ് പ്രൊട്ടക്ഷൻ സ്കീം നടപ്പിലാക്കാൻ മുതിർന്നപ്പോൾ അവയിലെ പോരായ്മകൾ

ചൂണ്ടിക്കാട്ടി ലേബർ കമ്മീഷണർക്ക് നിവേദനം നൽകുകയുണ്ടായി. എന്നാൽ ന്യായമായ തീരുമാനങ്ങൾ അധികാരികളിൽനിന്ന് ഉണ്ടാകാതിരുന്നപ്പോൾ സംഘടന, ബഹു.ഹൈക്കോടതിയെ സമീപിച്ചു. കോടതി വിശദമായ വാദംകേട്ട് നമ്മൾ മുന്നോട്ടുവച്ച കാര്യങ്ങൾക്ക് പ്രസ്കതിയുണ്ടെന്ന് ബോധ്യപ്പെട്ട് ലേബർ കമ്മീഷണറുമായി ചർച്ച നടത്തി തീരുമാനങ്ങളെടുക്കാൻ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണറും സംഘടനാ പ്രതിനിധികളുമായി നടന്ന ചർച്ചയിൽ പ്രാബല്യത്തിലാക്കിയ സേവന വേതനവ്യവസ്തകൾ സ്വകാര്യ ലബോറട്ടറി മേഖലയിൽ നടപ്പിലാക്കേണ്ടതില്ല എന്ന തീരുമാനം എടുപ്പിച്ചു. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വെച്ച് നടന്ന, തൊഴിലാളി സംഘടനാ നേതാവ് ശ്രീ ഗുരുദാസന്റെ അദ്ധ്യക്ഷതയിലുള്ള മിനിമം വേജസ് ബോർഡ് കമ്മിറ്റി സിറ്റിംഗിൽ നമ്മുടെ സംഘടന ആവശ്യങ്ങൾ ശക്തമായി ഉന്നയിച്ചു. പ്രഖ്യാപിത മിനിമം വേതന നിരക്ക് പ്രകാരം സ്വകാര്യ ആശുപത്രികളിലെ സേവനവേതന വ്യവസ്ഥകളാണ് സ്വകാര്യ ലബോറട്ടറികൾക്കും ബാധകമായിരുന്നത്. ഇവർ ഉപഭോക്താക്കളിൽനിന്നും വസൂലാക്കിക്കൊണ്ടിരിക്കുന്ന പരിശോധനാ നിരക്കിലുള്ള വ്യത്യാസം ചൂണ്ടിക്കാട്ടിയാണ്, നമ്മൾ പ്രധാനമായും നമ്മുടെ ആവശ്യങ്ങൾ മുന്നോട്ട് വച്ചത്. അന്നത്തെ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ.ടി.പി.രാമകൃഷ്ണനുമായും ശ്രീ.ഗുരുദാസനുമായും നേരിട്ട് ചർച്ച നടത്താനും സംഘടനയ്ക്ക് കഴിഞ്ഞു. ഇതിന്റെ ഫലമായി രൂപീകരിച്ച മിനിമം വേതന ഉപദേശസമിതിക്ക് മുൻപാകെ അവരുടെ ക്ഷണപ്രകാരം തിരുവനന്തപുരം, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ സംഘടനാ പ്രതിനിധികൾ നമ്മുടെ ആവശ്യങ്ങൾ രേഖാമൂലം ഉന്നയിച്ചു. പ്രധാന ആവശ്യം, സ്വകാര്യ ആശുപത്രി മേഖലയുമായി താരതമ്യം ചെയ്യാതെ, സ്വകാര്യ ലബോറട്ടറി മേഖലയെ പ്രത്യേകമായി പരിഗണിച്ച് പഠനം



കൗൺസിൽ സെക്രട്ടറി ഡോ.സനിൽകുമാർ ജെ.ജിക്ക് നിവേദനം നൽകുന്നു



തിരുവനന്തപുരത്ത് മിനിമവേതന ഉപദേശസമിതിക്ക് മുമ്പാകെ തെളിവെടുപ്പിൽ സംസ്ഥാന ജനറൽ സെക്രട്ടറി സംഘടനയെ പ്രതിനിധീകരിച്ചു പങ്കെടുത്തു.

നടത്തിയ ശേഷം മാത്രമേ സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കാൻ പാടുള്ളു എന്നതാണ്. മിനിമം വേതന ഉപദേശകസമിതിയുടെ നിർദ്ദേശപ്രകാരം നമ്മൾ സമർപ്പിച്ച സേവനവേതന നിരക്കുകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, സംഘടനയുടെ വിവിധ തലങ്ങളിൽ ചർച്ച നടത്തി അഭിപ്രായ സമന്വയത്തിലൂടെ തയ്യാറാക്കിയതാണ്. തുടർന്നുള്ള പ്രവർത്തനങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ട് ശക്തമായി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

## തുടർവിദ്യാഭ്യാസ പരിപാടികൾ

ലബോറട്ടറി മെഡിസിൻ അനുദിനം മാറ്റങ്ങൾക്കും നവീകരണങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങളുടെ സ്പന്ദനങ്ങളെ ഉൾക്കൊണ്ട് മാത്രമേ ഒരു ലബോറട്ടറിക്ക് വിജയകരമായി പ്രവർത്തിക്കാൻ കഴിയുകയുള്ളു. ഇവിടെയാണ് തുടർവിദ്യാഭ്യാസത്തിന്റെ പ്രസക്തി. സംഘടന ഈ ആശയത്തെ അക്ഷരാർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി എണ്ണമറ്റ തുടർവിദ്യാഭ്യാസപരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ജില്ലകൾ മത്സര ബുദ്ധിയോടെ തന്നെ CME കൾ സംഘടിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് മൂലം അംഗങ്ങൾക്കും അവരുടെ ജീവനക്കാർക്കും ആർജ്ജിച്ച അറിവും ആത്മവിശ്വാസവും വിലമതിക്കാനാവത്തതാണ്. കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിൽ ഈ പ്രവർത്തനം അല്പം മന്ദഗതിയിലായിട്ടുണ്ടെങ്കിലും ഓൺലൈനായി പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നുണ്ട്.





## റിഫ്രഷർ കോഴ്സുകൾ

സംഘടനയുടെ പ്രവർത്തനങ്ങളിൽ എടുത്ത് പറയേണ്ട ഒന്നാണ് റിഫ്രഷർ കോഴ്സുകൾ. ശാസ്ത്രീയമായി സിലബസ് തയ്യാറാക്കിക്കൊണ്ട് വിദഗ്ധരായ അധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് ദിവസങ്ങളോളം നീണ്ടുനിന്ന റിഫ്രഷർകോഴ്സുകൾ ലാബോറട്ടറികളുടെ ഗുണപരമായ മാറ്റത്തിന് എറെ സഹായിച്ചിട്ടുണ്ട്. എറണാകുളം

ജില്ലയിൽ നിന്നാണ് ആശയം ഉത്ഭവിച്ചത്. ഇതിന്റെ വിജയം ഉൾക്കൊണ്ടുകൊണ്ട് മറ്റ് ജില്ലകളിലും റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കാൻ സംഘടനയ്ക്ക് കഴിഞ്ഞു. ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ക്ലാസ്സുകൾക്കും പ്രായോഗിക പരിശീലനങ്ങൾക്കും ശേഷം, പരീക്ഷ നടത്തി യോഗ്യത നേടുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകാനും സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. സർക്കാർ, യോഗ്യതയുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പിലാക്കുമ്പോൾ ഇത്തരം പരിശീലനങ്ങൾ ഏറെ ഗുണംചെയ്യും. ഓരോ അംഗങ്ങളുടെയും ആവശ്യം എന്താണെന്ന് മനസ്സിലാക്കി, അതിന് വേണ്ട സാഹചര്യം ഒരുക്കിക്കൊടുക്കുമ്പോഴാണ് ഒരു സംഘടന യുടെ പ്രസക്തി അംഗങ്ങൾക്ക് ബോധ്യപ്പെടുന്നത്.

## വ്യക്തിത്വവികസന പരിശീലന ക്യാമ്പ്



ലബോറട്ടറി മേഖല ഒരു സേവനമേഖലയാണ്. ലബോറട്ടറിയിലേക്ക് വരുന്ന ഉപഭോ ക്താക്കളുമായി ഇടപഴകുന്നത് വളരെ സൂക്ഷ്മതയോടെയും ക്ഷമാപൂർവ്വവുമായിരിക്കണം. അതിനുവേണ്ട പരിശീലനം വിവിധ ഘട്ടങ്ങളിലായി സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വ ത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ മേഖലയിലെ വിദഗ്ധരാണ് പരിശീലന പരിപാടികൾക്ക് നേതൃത്വം കൊടുത്തിട്ടുള്ളത്. തികച്ചും വ്യത്യസ്തമായ അനുഭവമായിരുന്നു ഇത്തരം ട്രെയിനിംഗ് പ്രോഗ്രാമുകൾ. ലബോറട്ടറി ഏത് വിധേനയാണ് നടത്തേണ്ടത് എന്നതിനെ ക്കുറിച്ച് ശാസ്ത്രീയമായി മനസ്സിലാക്കാൻ മെമ്പർമാർക്ക് കഴിഞ്ഞു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

## ക്ലിനിക്കൽ ലബോറട്ടറി ഇംപ്രൂവ്മെന്റ് പ്രോഗ്രാം. (CLIP)

സംഘടന ആവിഷ്കരിച്ച് നടപ്പിലാക്കിയ, ഔദ്യോഗികരംഗങ്ങളിൽ നിന്നുപോലും പ്രശംസ പിടിച്ചു പറ്റിയ സംഘടനയുടെ തനത് പരിപാടിയാണ് CLIP അഥവാ ക്ലിനിക്കൽ ലബോറട്ടറി ഇംപ്രൂവ്മെന്റ് പ്രോഗ്രാം.

ഓരോ ലബോറട്ടികളുടെയും ശക്തിയും ദൗർബല്യവും വിലയിരുത്തി ഉന്നതനിലവാര മുള്ള ലബോറട്ടറിയാക്കി വളർത്തിയെടുക്കുന്നതിനുവേണ്ട പദ്ധതികളും പരിപാടികളു മാണ് ഈ പ്രോഗ്രാമിന്റെ കാതൽ.

വിവിധ തലങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും അതുപോലെ തന്നെ ദേശീയ അക്രിഡിറ്റേഷൻ ഏജൻസിയുടെ മാർഗ്ഗനിർദേശങ്ങളും സ്വാംശീകരിച്ചുകൊണ്ടാണ് ഈ പ്രോഗ്രാമിന്റെ രൂപരേഖ തയ്യാറാക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ ലാബ് ഉടമകൾക്ക് വിപുലമായ ട്രെയിനിംഗ് പദ്ധതികൾ സംഘടന ആവിഷ്കരിച്ച് നടപ്പിലാക്കി.




എറണാകുളത്ത് വെച്ച് നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്ത പല അംഗങ്ങളുടെയും ലാബുകൾക്ക് NABL/NABH അംഗീകാരം ലഭിച്ചു എന്നത് ഈ പരിപാടിയുടെ മേന്മ കൊണ്ടാണ് എന്നതിൽ സംഘടനയ്ക്ക് അഭിമാനിക്കാം.




ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം വരാനിരിക്കുന്ന നിയമങ്ങളും മാനദണ്ഡങ്ങളും പ്രാബല്യത്തിൽ വരുമ്പോൾ ഈ രൂപരേഖയും പ്രോഗ്രാമും അംഗങ്ങൾക്ക് ഏറെ പ്രയോജനകരമായിരിക്കും. മറ്റൊരു സംഘടനയ്ക്കും ചിന്തിക്കാൻപോലും കഴിയാത്ത അതിശാസ്ത്രീയമായ രേഖ അംഗങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ച് അതിൽ ഫലം കണ്ടതിൽ സംഘടനയ്ക്ക് ചാരിതാർഥ്യമുണ്ട്.




### ഇൻഷുറൻസ് പദ്ധതി

സംഘടനാംഗങ്ങൾക്ക് ഏതെങ്കിലും രീതിയിലുള്ള അപകടം സംഭവിക്കുകയാണെങ്കിൽ ഒരു കൈത്താങ്ങായി, സാമ്പത്തിക സഹായം ലഭിക്കുന്ന രീതിയിൽ ന്യൂ ഇന്ത്യ അഷുറൻസ് കമ്പനി ലിമിറ്റഡുമായി സഹകരിച്ചുകൊണ്ട്, വിപുലമായ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി. ലബോറട്ടറികളുടെ സംരക്ഷണം മാത്രമല്ല, ലാബുടമകൾക്ക് ബുദ്ധിമുട്ട് വരുമ്പോൾ സാമ്പത്തികസഹായവും ലഭിക്കുന്ന രീതിയിലാണ് സംഘടന ഇത്തരം പരിപാടികൾ വിഭാവനം ചെയ്യുന്നത്. ഇതൊരു തുടക്കം മാത്രമാണ്. വിപുലമായ പദ്ധതികൾ സംഘടന ആസൂത്രണം ചെയ്തു വരുന്നുണ്ട്.

സംഘടനയുടെ അംഗങ്ങൾ ഏതെങ്കിലും രീതിയിൽ മരണപ്പെടുകയോ മറ്റ് തീവ്രഅപകടാവസ്ഥയിലാവുകയോ ചെയ്താൽ അവരെ സാമ്പത്തികമായി സഹായിക്കുന്നതിനുള്ള വിപുലമായ പരിപാടിയാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാഥമിക ചർച്ചകൾ, ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന സംഘടന കളുടെ വിദഗ്ധരുമായി നടത്തിക്കഴിഞ്ഞു. അംഗങ്ങളുടെ നിർലോഭമായ സഹകരണമുണ്ടെങ്കിൽ ഈ പദ്ധതി വൻ വിജയമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.



**അസോസിയേഷന്റെ സുവർണ്ണ നിമിഷം**
ഇൻഷുറൻസ് കമ്പനി മാനേജർ ശ്രീ. ലിൻഡൻ ജോസഫ്, ഇൻഷുറൻസ് പോളിസി സംസ്ഥാന പ്രസിഡണ്ടിന് കൈമാറുന്നു.

## സാമൂഹ്യപ്രതിബദ്ധതയോടുകൂടിയുള്ള മാതൃകാ പ്രവർത്തനങ്ങൾ

ഒരു സംഘടന എന്ന നിലയിൽ സമൂഹത്തിന് വേണ്ടി, പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ സാമൂഹ്യ പ്രതിബദ്ധതയോടെ കുറേ ഏറെ കാര്യങ്ങൾ ചെയ്യാൻ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ലോക ലബോറട്ടറി ദിനവുമായി ബന്ധപ്പെട്ടും, ലോകപ്രമേഹദിനവുമായി ബന്ധപ്പെട്ടും, സംഘടനാംഗങ്ങൾ സൗജന്യമായി പരിശോധനകൾ നടത്തി വരാറുണ്ട്. 2021 മാർച്ച് 1 മുതൽ 30 വരെ സംഘടന, സംസ്ഥാനാടിസ്ഥാനത്തിൽ സംഘടിപ്പിച്ച പൊതുജനാരോഗ്യ സംരക്ഷണ പരിപാടി- "സ്വാസ്ഥ്യം" സമൂഹത്തിൽ വളരെ വലിയ സ്വീകാര്യത നേടിയെടുത്തു. MLOA എന്നും ജനങ്ങൾക്കൊപ്പമാണ് എന്ന സന്ദേശം ജനങ്ങളിലെത്തിക്കാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇത്തരം പരിപാടികൾ വിപുലമായി സംഘടിപ്പിക്കാൻ സംഘടന ശ്രമിക്കുന്നതാണ്.

കോവിഡ് മഹാമാരി മനുഷ്യസമൂഹത്തിന്റെ എല്ലാ തലങ്ങളെയും താറുമാറാക്കി. ഒരു ദുർഘടാവസ്ഥയിൽ ജനങ്ങളോട് പ്രതിബന്ധതയുള്ള സ്ഥാപനങ്ങളുടെ ഒരു സംഘടന എന്ന നിലയിൽ സർക്കാരിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സഹകരിച്ചു കൊണ്ട് ബഹു.മുഖ്യമന്ത്രിയുടെ ദുരതാശ്വാസനിധിയിലേക്ക് രണ്ട് ലക്ഷം രൂപ സംഘടന സംഭാവനയായി നൽകി. ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി.വീണാ ജോർജിനെ നേരിട്ട് കണ്ടാണ് ഈ തുക കൈമാറിയത്. ജില്ലാ അടിസ്ഥാനത്തിൽ സർക്കാരിന്റെ എല്ലാവിധത്തിലുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും സംഘടന ശുഷ്കാന്തിയോടെ സഹകരിച്ചുകൊണ്ടിരിക്കുന്നുണ്ട്.

## അംഗങ്ങൾക്കുള്ള ദുരിതാശ്വാസം

2018 ലെ മഹാപ്രളയത്തെക്കുറിച്ച് വിവരിക്കേണ്ടതില്ലല്ലോ. ഈ പ്രകൃതി ദുരന്തം നമ്മുടെ സംഘടനയിലെ ഒരുപാട് അംഗങ്ങളെയും സാരമായി ബാധിച്ചു. ജില്ലാ അടിസ്ഥാനത്തിൽ പ്രളയബാധിത പ്രദേശങ്ങളും അവിടങ്ങളിലെ അംഗലബോറട്ടറികളും സന്ദർശിച്ച്

സാമ്പത്തിക സഹായം നൽകുകയുണ്ടായി.

നമ്മുടെ അംഗങ്ങളിൽ പലരും കുറെക്കാലം ലാബ് നടത്തിയശേഷം രോഗികളായി തീർന്നിട്ടുണ്ട്. ചില അംഗങ്ങൾ അകാലത്തിൽ മരിച്ചുപോയിട്ടുമുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ, സംഘടന, മാനവികതയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അംഗങ്ങളോട് സംഘടന കാണിക്കുന്ന കരുതലാണ് ഇത്തരം മാതൃകാ പ്രവർത്തനങ്ങൾ.

### ഉപസംഹാരം

ലബോറട്ടറി മേഖലയിൽ MLOA ഇടപെട്ട് നടത്തിയ വിപുലമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്യപ്പെടുക എന്നതാണ് ഈ കൈപ്പുസ്തകത്തിന്റെ ഉദ്ദേശ്യം. പല ദുർഘട ഘട്ടങ്ങളിലും സംഘടന ഉണർന്ന് പ്രവർത്തിച്ചത് ഓരോ അംഗത്തിനും വേണ്ടിയാണ്. നേട്ടങ്ങൾ ഉദ്ഘോഷിക്കുമ്പോൾ തന്നെ ഇനിയെന്ത് എന്ന കാര്യം ചിന്തിക്കേണ്ടതുണ്ട്. ഈ ഘട്ടത്തിൽ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ നിഷ്പക്ഷമായ പഠനവും അവലോകനവും അത്യന്താപേക്ഷിതമാണ്. 11 വർഷം കേരളത്തിൽ പ്രവർത്തിച്ച ഒരു സംഘടന എന്ന നിലയിൽ നമുക്ക് എത്രമാത്രം മുന്നോട്ട് പോകുവാൻ സാധിച്ചിട്ടുണ്ട്? പാളിച്ചകൾ എന്തെല്ലാം? എന്നിവ കണ്ടെത്തി പരിഹരിച്ച് മുന്നോട്ട് പോവുകയാണ് അഭികാമ്യം. അതിനായുള്ള തുറന്ന ചർച്ചകൾക്ക് ഈ ലഘുലേഖ സഹായകരമാകട്ടെ. സംഘടനയുടെ കരുത്ത് അംഗബലമാണ്. അംഗങ്ങൾക്ക് വേണ്ടി വളരെയേറെ കാര്യങ്ങൾ ചെയ്ത ഒരു സംഘടന എന്ന നിലക്ക് മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷനെ ശക്തിപ്പെടുത്തേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയാണ്. ഇനിയും ഏറെ മുന്നോട്ട് പോകാനുണ്ട്. പല അവകാശങ്ങളും നേടിയെടുക്കാനുണ്ട്. അത് നിലനിൽപിന്റെയും അതിജീവനത്തിന്റെയും പ്രശ്നമാണ്. കഠിനമാണ് ഈ പാത. എന്നാൽ ഒരുമയോടെ, ഏക മനസ്സോടെ പ്രവർത്തിച്ചാൽ ഏത് വിഷമഘട്ടങ്ങളെയും തരണം ചെയ്യാൻ നമുക്ക് കഴിയും എന്നതാണ് അനുഭവം. അംഗത്വം പുതുക്കിയും, പുതിയ അംഗങ്ങളെ സംഘടനയോട് ചേർത്ത് നിർത്തിയും നമുക്ക് സുന്ദരമായ ഭാവിയെ സ്വപ്നം കാണുകയും പ്രാവർത്തികമാക്കുകയും ചെയ്യാം.

അഭിവാദനങ്ങളോടെ...

**മെഡിക്കൽ ലബോട്ടറി ഓണേഴ്സ് അസ്സോസിയേഷൻ**
**സംസ്ഥാനകമ്മറ്റിക്കുവേണ്ടി**

**സി.ബാലചന്ദ്രൻ**
സംസ്ഥാന പ്രസിഡണ്ട്

**ബിജോയ്.വി.തോമസ്**
സംസ്ഥാന ജനറൽ സെക്രട്ടറി

**എ.ഗിരീശൻ**
സംസ്ഥാന ട്രഷറർ

**Dr.T A Varkey**
President Feb 2010 to Dec 2019

**Mr.Peter Vadassery**
Secretary Feb 2010 to Feb 2011

**Mr.Alex Abraham**
Secretary Feb 2011 to Aug 2017

**Mr.R.K.Prakash**
working Secretary Aug 2015 to Aug 2017
Secretary from Aug 2017 to Dec 2019

Treasurer
**Anil K Ravi** 2010
**Dr.K. Rameshkumar** from 2011 to 2017
**Mr.A.Gireesan** Aug 2017 till date

**സംഘടനയെക്കുറിച്ച് കൂടുതൽ അറിയാനും**
**അംഗത്വം എടുക്കാനും ബന്ധപ്പെടുക.**

**ജില്ലാ പ്രസിഡണ്ട് :** ............................................................................ **ഫോൺ :** ....................................

**ജില്ലാ സെക്രട്ടറി :** ............................................................................ **ഫോൺ :** ....................................

**മറ്റു ഭാരവാഹികൾ :** ............................................................................ **ഫോൺ :** ....................................

MLOA
Reg. No. ER 409/10

# മെഡിക്കൽ ലബോട്ടറി ഓണേഴ്സ് അസ്സോസിയേഷൻ

# ചരിത്രമുഹൂർത്തങ്ങൾ














**സംസ്ഥാന സമ്മേളനം | ജില്ലാ സമ്മേളനങ്ങൾ | സമരമുഖങ്ങൾ |**




















**സുഹൃദ് സദസ്സുകൾ | തുടർ വിദ്യാഭ്യാസ പരിപാടികൾ | നിവേദനങ്ങൾ**

MLOA
Reg. No. ER 409/10

# മെഡിക്കൽ ലബോട്ടറി ഓണേഴ്സ് അസ്സോസിയേഷൻ

















സംസ്ഥാന സമ്മേളനം | ജില്ലാ സമ്മേളനങ്ങൾ | സമരമുഖങ്ങൾ |

# ചരിത്രമുഹൂർത്തങ്ങൾ


















**| സുഹൃദ് സദസ്സുകൾ | തുടർ വിദ്യാഭ്യാസ പരിപാടികൾ | നിവേദനങ്ങൾ**

# മെഡിക്കൽ ലബോട്ടറി ഓണേഴ്സ് അസ്സോസിയേഷൻ

















**സംസ്ഥാന സമ്മേളനം | ജില്ലാ സമ്മേളനങ്ങൾ | സമരമുഖങ്ങൾ |**

# ചരിത്രമുഹൂർത്തങ്ങൾ






















സുഹൃദ് സദസ്സുകൾ | തുടർ വിദ്യാഭ്യാസ പരിപാടികൾ | നിവേദനങ്ങൾ

MLOA
Reg. No. ER 409/10

# MLOA
## മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷൻ

# അംഗത്വമാസം

**2021 നവംബർ 1 മുതൽ 30 വരെ**




☑ ഗുണമേന്മ ☑ സുരക്ഷിതം ☑ സൗഹൃദം
☑ സാമൂഹ്യ പ്രതിബദ്ധത ☑ സേവനം

**മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷനിൽ അംഗമാകൂ...!**

**ലബോറട്ടറികളുടെ സംരക്ഷണ യജ്ഞത്തിൽ പങ്കാളികളാകൂ...!**

## MEDICAL LABORATORY OWNERS' ASSOCIATION